ക്കാരെന്ന് വെളിവായിട്ടുള്ളവരുടെമേൽ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ഇല്ല.

(ജി) 'എഫ്' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

108 (126) മണിച്ചന്റെ ഗോഡൗൺ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) 2000 ഒക്ടോബർ 29 ന് മണിച്ചന്റെ ഒരു ഗോഡൗൺ പോലീസ് റെയ്ഡ് ചെയ്തിരുന്നുവോ;

(ബി) പ്രസ്തുത റെയ്ഡിൽ എന്തെങ്കിലും കണ്ടെടുക്കാനായോ;

(സി) അതേ തുടർന്ന് കല്ലുവാതുക്കൽ വ്യാജമദ്യ ദുരന്തത്തെപ്പറ്റിയുള്ള വിവരങ്ങൾ ഹൈക്കോടതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഹൈക്കോടതി ഉത്തരവുണ്ടാവുന്നതുവരെ മണിച്ചന്റെ വ്യാജമദ്യസ്റ്റോറുകളെ സംബന്ധിച്ച് പോലീസിന് എന്തെല്ലാം കാര്യങ്ങൾ കണ്ടുപിടിക്കാൻ കഴിഞ്ഞു?

ഉത്തരം

(എ) ഇല്ല.

(ബി) മുകളിൽ കൊടുത്തിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ടി കേസ് അന്വേഷണാവസ്ഥയിലാണ്.

109 (127) വ്യാജ മദ്യവേട്ടയിൽ കായംകുളത്തുണ്ടായ പുരോഗതി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു ശേഷം വ്യാജ മദ്യവേട്ടയിൽ കായംകുളത്തുണ്ടായ പുരോഗതി വിശദീകരിക്കുമോ;

(ബി) കല്ലുവാതുക്കൽ സംഭവം നടന്ന സാഹചര്യത്തിൽ കായംകുളത്തിനടുത്ത് ഓച്ചിറയിൽ നിന്നും പിടികൂടിയ വ്യാജമദ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി വിശദീകരിക്കുമോ;

(സി) ഈ കേസ്സിൽ വ്യാജമദ്യം ആര് കൊണ്ടുവന്നുവെന്നും ആർക്ക് കൊടുത്തയച്ചു എന്നും ആർക്കു വേണ്ടി കൊണ്ടുപോയി എന്നും കേസ് എടുക്കുകയും തുടർന്ന് അന്വേഷിക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥൻമാർ റിപ്പോർട്ട് നല്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ കാര്യങ്ങൾ അന്വേഷിക്കുമോ;

(ഇ) ഈ കാര്യത്തിൽ കരുനാഗപ്പള്ളി ഡിവൈ.എസ്.പി. അടക്കമുള്ള ഉദ്യോഗസ്ഥന്മാരുടെ അന്വേഷണം തൃപ്തികരമായിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ഈ കേസ് എടുക്കുമ്പോൾ കരുനാഗപ്പള്ളി ഡിവൈ.എസ്.പി. ആരായിരുന്നു; അദ്ദേഹം ഇപ്പോൾ എവിടെയാണ് ജോലി ചെയ്യുന്നത്;

(ജി) കായംകുളത്തും പരിസരത്തുള്ള കാർത്തികപ്പള്ളി-മാവേലിക്കര, കരുനാഗപ്പള്ളി - താലൂക്കുകളിലായി പ്രവർത്തിക്കുന്ന ലൈസൻസുള്ള അബ്കാരികളുടെ പേരും മേൽവിലാസവും വെളിപ്പെടുത്തുമോ;

(എച്ച്) ഇവർ ഓരോരുത്തരും പിടിച്ചിട്ടുള്ള അബ്കാരി കോൺട്രാക്ടുകളുടെ ലേല തുകകൾ എന്ത് വീതം എന്ന് വ്യക്തമാക്കുമോ;

(ഐ) കായംകുളം അടങ്ങുന്ന ജില്ലയിലെ അബ്കാരി കോൺട്രാക്ടർമാരുടെ ആകെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ജെ) കായംകുളം അടക്കമുള്ള ആലപ്പുഴ ജില്ലയിൽ ലൈസൻസില്ലാതെ മദ്യ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ പേരും മേൽവിലാസവും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ;

(കെ) മദ്യമാഫിയായ്ക്കെതിരെ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള മാതൃകാപരമായ നടപടികൾ മുന്നോട്ടു കൊണ്ട് പോകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 800 റെയ്ഡുകൾ നടത്തുകയും ഇത് സംബന്ധിച്ച് 20 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 91.680 ലിറ്റർ സ്പിരിറ്റ്, 85.375 ലിറ്റർ ചാരായം, 330 ലിറ്റർ കോട, 10.600 ലിറ്റർ വിദേശ മദ്യം എന്നിവയും പിടിച്ചെടുത്തിട്ടുണ്ട്. 17 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഓച്ചിറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 264 ലിറ്റർ സ്പിരിറ്റ് കയറ്റി വന്ന കെ.എൽ.4/ഇ-1343-ാം നമ്പർ മാരുതി വാൻ പിടിച്ചതിലേയ്ക്ക് ഓച്ചിറ പോലീസ് സ്റ്റേഷനിൽ പി.എസ്. ക്രൈം 276/2000 യു/എസ് 55(എ) ഓഫ് അബ്കാരി ആക്ട് പ്രകാരം ശശിധരൻ, മോഹൻകുമാർ എന്നിവരെ പ്രതികളാക്കി കേസ് എടുക്കുകയും ടിയാന്മാരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി, ഡി, ഇ) കേസ് അന്വേഷണാവസ്ഥയിലാണ്.

(എഫ്) ശ്രീ. ടി.എസ്. സത്യരാജൻ ആയിരുന്നു. ടിയാൻ ഇപ്പോൾ ഇടുക്കി ക്രൈം ഡിറ്റാച്ച്മെന്റിൽ ജോലി നോക്കി വരുന്നു.

(ജി, എച്ച്, ഐ) വിവരം ശേഖരിച്ചു വരുന്നതാണ്.

(ജെ) ലൈസൻസില്ലാതെ മദ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കേസെടുത്ത് മേൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലപ്പുഴ ജില്ലയിൽ 1800 പേർക്കെതിരെ ഇത്തരം സംഭവങ്ങളോടനുബന്ധിച്ച് കേസെടുത്തിട്ടുണ്ട്.

(കെ) മദ്യമാഫിയയ്ക്കെതിരെ സർക്കാർ കർശനനടപടികൾ സ്വീകരിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly